ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 27.10.2025**

## പ്രധാനവാർത്തകൾ

1. സർദാർ വല്ലഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന റൺ ഫോർ യൂണിറ്റിയിൽ എല്ലാ ജനങ്ങളും പങ്കാളികളാകണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി

2. തെരുവ് നായ വിഷയത്തിൽ എടുത്ത നടപടികളെക്കുറിച്ചുള്ള സത്യവാങ്മൂലം സമർപ്പിക്കാത്ത സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണപ്രദേശങ്ങൾക്കും സുപ്രീംകോടതിയുടെ വിമർശനം.

3. ശബരിമലയിലും പരിസരപ്രദേശങ്ങളിലും ശുദ്ധജലവിതരണം ഉറപ്പാക്കുന്ന സീതത്തോട്–നിലയ്ക്കൽ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനോദ്ഘാടനം മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിച്ചു.

4. കോഴിക്കോട് ജില്ലയെ അതിദാരിദ്ര്യമുക്തമായി നാളെ പ്രഖ്യാപിക്കും. മന്ത്രി AK ശശീന്ദ്രൻ പ്രഖ്യാപനം നടത്തും.

5. സംസ്ഥാന സ്കൂൾ കായികമേളയിൽ കിരീടം ഉറപ്പിച്ച് തിരുവനന്തപുരം ജില്ല മുന്നേറ്റം തുടരുന്നു. തൃശൂരും കണ്ണൂരും തൊട്ട് പിന്നിൽ.

6. സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ മഴ ശക്തി പ്രാപിക്കുന്നു. കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത . കേരള-ലക്ഷദ്വീപ്-കർണാടക തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്ക്

PNU TVPM

## റൺ ഫോർ യൂണിറ്റി

സർദാർ വല്ലഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷികത്തോടനു ബന്ധിച്ച് ഈ മാസം 31-ന് രാജ്യ മെമ്പാടും റൺ ഫോർ യൂണിറ്റി സംഘടിപ്പിക്കും. പട്ടേലിനെയും ഏകീകൃത ദർശനത്തെയും ആദരിക്കാൻ റൺ ഫോർ യൂണിറ്റിയിൽ പങ്കാളികളാവണമെ ന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സാമൂഹിക മാധ്യമത്തിൽ ജനങ്ങളോട് അഭ്യർത്ഥിച്ചു.

☸☸☸☸☸☸☸☸☸☸☸

## ഇന്ത്യാ മാരിടൈം-അമിത്ഷാ

ഇന്ത്യ മാരിടൈം വീക്ക് 2025 കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ മുംബൈയിൽ ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ പോർട്ട്സ് അസോസി യേഷൻറെ സഹകരണത്തോടെ കേന്ദ്ര തുറമുഖ-ജലഗതാഗത മന്ത്രാലയമാണ് അഞ്ച് ദിവസത്തെ പരിപാടി സംഘടിപ്പിക്കുന്നത്. സുസ്ഥിര സമുദ്ര വളർച്ച, വ്യാപാര വികസനം, സമുദ്ര സമ്പദ് വികസനം എന്നിവയിൽ ഇന്ത്യയുടെ കാഴ്ചപ്പാട് പ്രദർശിപ്പിക്കുകയാണ് പ്രധാനലക്ഷ്യം.

RNU TVPM

☸☸☸☸☸☸☸☸☸☸☸

## ഛഠ് - ആശംസകൾ

ഛഠ് പൂജയോടനുബന്ധിച്ച് രാഷ്ട്രപതി ദ്രൗപതി മുർമു എല്ലാവർക്കും ആശംസകൾ നേർന്നു. ഈ ഉത്സവം എല്ലാവരുടെയും ജീവിതത്തിൽ സന്തോഷവും സമൃദ്ധിയും കൊണ്ടുവരുമെന്നും പരിസ്ഥിതി സംരക്ഷണ ത്തിനുള്ള പ്രചോദനം നൽകുമെന്നും രാഷ്ട്രപതി സമൂഹ മാധ്യമ കുറിപ്പിലൂടെ പ്രത്യാശ പ്രകടിപ്പിച്ചു.

☸☸☸☸☸☸☸☸☸☸☸

## തെരുവ് നായ്ക്കൾ

തെരുവുനായ്ക്കളുടെ വിഷയത്തിൽ, അനിമൽ ബർത്ത് കൺട്രോൾ നിയമങ്ങൾ നടപ്പാക്കുന്നതിന് എടുത്ത നടപടികളെക്കുറിച്ചുള്ള സത്യവാങ്മൂലം സമർപ്പിക്കാത്ത സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ

പ്രദേശങ്ങൾക്കും സുപ്രീംകോടതിയുടെ വിമർശനം. പശ്ചിമ ബംഗാളും , തെലങ്കാനയും ഒഴികെയുള്ള സംസ്ഥാനങ്ങളിലെ ചീഫ് സ്സെക്രട്ടറിമാരെ കോടതി വിളിച്ചു വരുത്തി. ഇ മാസം 22-ന്, സത്യവാങ്മൂലം സമർപ്പിക്കാൻ കോടതി സംസ്ഥാനങ്ങൾക്കും/കേന്ദ്രഭരണ പ്രദേശങ്ങൾക്കും നിർദ്ദേശം നൽകിയിരുന്നു.

☸☸☸☸☸☸☸☸☸☸☸

## സീതത്തോട്–നിലയ്ക്കൽ കുടിവെള്ള പദ്ധതി

ശബരിമലയിലും പരിസരപ്രദേശങ്ങളിലും പൂർണമായ ശുദ്ധജല വിതരണം ഉറപ്പാക്കുന്ന സീതത്തോട്–നിലയ്ക്കൽ കുടിവെള്ള പദ്ധതി പ്രവർത്തനസജ്ജമായി. നിലയ്ക്കൽ ദേവസ്വം ബോർഡ് നടപ്പന്തലിൽ മന്ത്രി റോഷി അഗസ്റ്റിൻ പദ്ധതിയുടെ പ്രവർത്തനോദ്ഘാടനം നിർവഹിച്ചു. റാന്നി എം.എൽ.എ അഡ്വ. പ്രമോദ് നാരായൺ അധ്യക്ഷത വഹിച്ചു.

RNUTVPM

☸☸☸☸☸☸☸☸☸☸☸

## മൊബൈൽ റേഷൻ കട (ഇൻട്രോ)

ആദിവാസി- ഗ്രോത്രവർഗ്ഗ ഉന്നതികളിലേക്കുള്ള സഞ്ചരിക്കുന്ന റേഷൻ കടയുടെ പുനലൂർ താലൂക്ക് തല ഉദ്ഘാടനം ഇന്ന് വൈകിട്ട് കുളത്തൂപ്പുഴയിൽ നടക്കും. മന്ത്രി ജി. ആർ. അനിൽ വാഹനം ഫ്ലാഗോഫ് ചെയ്യും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ

(വോയ്സ്)

☸☸☸☸☸☸☸☸☸☸☸

## വിജിലൻസ് ബോധവത്കരണ വാരാചരണം

രാജ്യത്ത് വിജിലൻസ് ബോധവത്കരണ വാരാചരണത്തിന് ഇന്ന് തുടക്കം. ഉരുക്കുമനുഷ്യൻ സർദാർ വല്ലഭായ് പട്ടേലിനോടുള്ള ആദരസൂചകമായാണ് വാരാചരണം സംഘടിപ്പിക്കുന്നത്. സുരക്ഷ, നമ്മുടെ പങ്കാളിത്ത ഉത്തരവാദിത്തം എന്നതാണ് ഇത്തവണത്തെ പ്രമേയം.

ഇന്നലെ മൻ കി ബാതിൽ പ്രധാനമന്ത്രി ഇത് സംബന്ധിച്ച് പരാമർശിച്ചിരുന്നു. അടുത്തമാസം 2 ന് വാരാചരണം സമാപിക്കും.

☸☸☸☸☸☸☸☸☸☸☸

## പാലക്കാട് - ജോർജ്ജ് കുര്യൻ

പാലക്കാട് നഗരസഭയുടെ ഏതാനും പദ്ധതികൾ ഉച്ചക്ക് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ നാ ടി ന് സമർപ്പിക്കും. നഗരസഭ ഓഫീസ് പരിസരത്തെ ചടങ്ങിൽ ആധുനിക സെപ്റ്റേജ് ട്രാൻസ്പോർട്ടേഷൻ വാഹനവും ജോർജ്ജ് കുര്യൻ ഫ്ലാഗ് ഓഫ്ചെയ്യും.

☸☸☸☸☸☸☸☸☸☸☸

## കോഴിക്കോട് - അതി ദാരിദ്ര്യമുക്ത ജില്ല

കോഴിക്കോടിനെ അതിദാരിദ്ര്യമുക്ത ജില്ലയായി നാളെ പ്രഖ്യാപിക്കും. നവംബർ ഒന്നിന് കേരളത്തെ അതിദരിദ്രരില്ലാത്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന് മുന്നോടിയായാണ് ജില്ലാതല പ്രഖ്യാപനം. മന്ത്രി AK ശശീന്ദ്രൻ പ്രഖ്യാപനം നടത്തും. 6,773 കുടുംബങ്ങളെ ദാരിദ്ര്യ മുക്തമാക്കി യാണ് ജില്ലാ തല പ്രഖ്യാപനം നടത്തുന്നത്.

RNU TVM

☸☸☸☸☸☸☸☸☸☸☸

## ക്ലൂ ആപ്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 'മാലിന്യമുക്തം നവകേരളം' പദ്ധതി യുടെ ഭാഗയി കേരള ഹോട്ടൽ & റസ്റ്റോറൻറ് അസോസിയേഷനു മായി ചേർന്ന് വാഹനയാത്രക്കാർക്കായി ശുചിമുറികൾ ലഭ്യമായ സ്ഥാപനങ്ങളുടെ വിവരങ്ങളടങ്ങിയ ആപ് പ്രവർത്തനം ആരംഭി ക്കുമെന്ന് മന്ത്രി എം.ബി രാജേഷ് പറഞ്ഞു. ക്ലൂ എന്നാണ് ആപ്പിന് പേര് നൽകിയിരിക്കുന്നത്. ആപ്പിലേക്ക്, ഹോട്ടലുകൾ, റെസ്റ്റോറന്റു കൾ, ശുചിമുറികൾ ലഭ്യമായ മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ നാളെ മുതൽ ആരംഭിക്കും.

☸☸☸☸☸☸☸☸☸☸☸

## കായികമേള (ഇൻട്രോ)

67 ആമത് സംസ്ഥാന സ്കൂൾ കായികമേളയിൽ കിരീടമുറപ്പിച്ച് തിരുവനന്തപുരം ജില്ല. മുക്കാൽ ഭാഗം മത്സരങ്ങളും പൂർത്തിയായ പ്പോൾ 1627 പോയിന്റുമായാണ് ആതിഥേയർ ഒന്നാം സ്ഥാനത്ത് തുടരുന്നത്. 8 ദിവസം നീണ്ട കായികമേളയ്ക്ക് നാളെ സമാപന മാകും. വൈകുന്നേരം 4 മണിക്ക് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങ് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്.

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁

## സ്വർണക്കപ്പ് ഘോഷയാത്ര

സംസ്ഥാന സ്കൂൾ കായികമേളയിൽ ഇതാദ്യമായി ഓവറോൾ ചാമ്പ്യൻഷിപ്പ് നേടുന്ന ജില്ലയ്ക്ക് ഇത്തവണ മുഖ്യമന്ത്രിയുടെ സ്വർണക്കപ്പ് സമ്മാനിക്കും. നാളെ വൈകുന്നേരം നടക്കുന്ന സമാപന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ വിജയികൾക്ക് സ്വർണ്ണകപ്പ് കൈമാറും.

RNU TVPM

❁❁❁❁❁❁❁❁❁❁❁

## മഴ- സംസ്ഥാനം

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യത യെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെയും, കർണാടക തീരത്ത് വ്യാഴാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁

## മഴ -കണ്ണൂർ (ഇൻട്രോ)

ഓറഞ്ച് ജാഗ്രത നിലനിൽക്കുന്ന കണ്ണൂരിൽ ഇന്നലെ രാത്രി ആരംഭിച്ച മഴ ശക്തമായി തുടരുന്നു..

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.

☸☸☸☸☸☸☸☸☸☸☸

## നേവി ഡേ

ഈ വർഷത്തെ നാവിക സേനാ ദിനാഘോഷങ്ങൾ തിരുവനന്തപുരം ശംഖുമുഖത്ത് സംഘടിപ്പിക്കുമെന്ന് കേരളത്തിലെ നേവൽ ഓഫീസർ ഇൻ ചാർജ്ജ് കമഡോർ വർഗീസ് മാത്യു വാർത്താ സമ്മേളനത്തിൽ അറിയിച്ചു. നാവികസേനാ മേധാവി ദിനേഷ് ത്രിപാഠി പങ്കെടുക്കും. അടുത്ത മാസം 8 മുതൽ 11 വരെ കൊച്ചിയിൽ ഷിപ് സന്ദർശനം ഉൾപ്പെടേ പൊതുജന ങ്ങൾക്കായി വിവിധ പരിപാടികൾ ഒരുക്കിയിട്ടുണ്ട്. നിശാഗന്ധി ഓഡിറ്റോറിയത്തിൽ നേവി ബാൻഡ് ഷോയും ഉണ്ടാകും.

RNU TVPM

☸☸☸☸☸☸☸☸☸☸☸

## ഓഹരി+സ്വർണം

ഓഹരിവിപണികളിൽ നേട്ടത്തോടെ വ്യാപാരം ആരംഭിച്ചു. ബോംബെ ഓഹരിസൂചിക സെൻസെക്സ് 586 പോയിൻറ് ഉയർന്ന് 84,798 ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി 176 പോയിൻറ് നേട്ടത്തിൽ 25,971 ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണവില കുറഞ്ഞു. ഗ്രാമിന് 105 രൂപ കുറഞ്ഞ് 11410 രൂപയും പവന് 840 രൂപ ഇടിഞ്ഞ് 91280 രൂപയുമാണ് ഇന്നത്തെ വില.

☸☸☸☸☸☸☸☸☸☸☸

## തദ്ദേശതിരഞ്ഞെടുപ്പ്

തദ്ദേശ തിരഞ്ഞെടുപ്പിൻറെ മുന്നൊരുക്കങ്ങൾ സംബന്ധിച്ച് ആശയവിനിമയം നടത്തുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ദേശീയ, സംസ്ഥാന രാഷ്ട്രീയ കക്ഷികളുടെ യോഗം വിളിച്ചു. മറ്റന്നാൾ രാവിലെ തിരുവനന്തപുരത്താണ് യോഗം.

## കണ്ണൂർ - അപകടം

കണ്ണൂർ മാലൂരിൽ നിന്നും മൈസൂരിലേക്ക് വിനോദ യാത്ര പോയ സംഘത്തിലെ ഒരു സ്ത്രീ മറ്റൊരു ബസിടിച്ച് മരിച്ചു.

മാലൂർ കുണ്ടേരി പൊയിലിലെ കൗസല്യ ആണ് മരിച്ചത്. ഇവരുടെ സഹോദരിക്ക് പരിക്കേറ്റു. കഴിഞ്ഞ രാത്രി ഭക്ഷണം കഴിക്കുന്നതിനിടെയാണ് ബസ്സിടിച്ചത് എന്നാണ് വിവരം

## റോഷി അഗസ്റ്റിൻ

ഇടുക്കി ജില്ലാ പഞ്ചായത്തിൻറെയും, വാഴത്തോപ്പ് ഗ്രാമ പഞ്ചായത്തിൻറെയും വികസന സദസ്സും, സംസ്ഥാന തല സദസ്സുകളുടെ സമാപനവും ഉച്ച കഴിഞ്ഞ് മന്ത്രി MB രാജേഷ് ചെറുതോണിയിൽ ഉദ്ഘാടനം ചെയ്യും. മന്ത്രി റോഷി അഗസ്റ്റിൻ ചടങ്ങിൽ അധ്യക്ഷനായിരിക്കും. പരിപാടിയുടെ ഭാഗമായി രാവിലെ തൊഴിൽമേളയും പ്രദർശനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്.

RNU TVPM

## സുവോളിക്കൽ പാർക്ക്

രാജ്യത്തെ ആദ്യ ഡിസൈനർ മൃഗശാലയും ഏഷ്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ സുവോളജിക്കൽ പാർക്കുമായ തൃശ്ശൂരിലെ പുത്തൂർ സുവോളിക്കൽ പാർക്ക് നാളെ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. വന്യമൃഗങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥയ്ക്ക് അനുകൂലമായ രീതിയിൽ പുത്തൂർ കുരിശുമൂലയിലെ 336 ഏക്കറിലാണ് പാർക്ക് ഒരുക്കിയിരിക്കുന്നത്. നൂറ്റി നാല്പതു വർഷങ്ങൾക്ക് മുൻപ് സ്ഥാപിതമായ തൃശൂർ മൃഗശാല സ്ഥലപരിമിതിമൂലമാണ് മാറ്റി സ്ഥാപിക്കുന്നത്. ലോകോത്തര നിലവാരത്തിൽ പുത്തൂർ സുവോളിക്കൽ പാർക്ക് ഒരുക്കാൻ പ്രയത്നിച്ച എല്ലാരേയും മുഖ്യമന്ത്രി അഭിനന്ദിച്ചു.

☸☸☸☸☸☸☸☸☸☸☸

## പുന്നപ്ര വയലാർ

ആലപ്പുഴയിൽസി പി ഐ യുടേയും സിപി.എമ്മിൻറെയും നേതൃത്വത്തിൽ സംഘടിപ്പിച്ചിട്ടുളള പുന്നപ്ര വയലാർ സമരത്തിൻറെ വാർഷിക വാരാചാരണ പരിപാടികൾ ഇന്ന് സമാപിക്കും. രാവിലെ വലിയ ചുടുകാട് രക്തസാക്ഷി മണ്ഡപത്തിൽ നിന്ന് വയലാറിലേക്ക് ദീപ ശിഖ പ്രയാണം നടന്നു. മുൻ മന്ത്രി ജി.സുധാകരൻ ദീപശിഖ അത്ലറ്റുകൾക്ക് കൈമാറി. വൈകിട്ട് 5 ന് നടക്കുന്ന അനുസ്മരണ സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ, CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം എന്നിവർ പങ്കെടുക്കും.

☸☸☸☸☸☸☸☸☸☸☸

## കളിയാട്ടം

തുലാം പത്തായ ഇന്ന് വടക്കൻ കേരളത്തിലെ കളിയാട്ടങ്ങൾക്ക് തുടക്കമാകും. നീലേശ്വരം അഞ്ഞൂറ്റമ്പലം ക്ഷേത്രത്തിലെ തുലാപത്ത് തെയ്യത്തോടെയാണ് ഈ വർഷത്തെ കളിയാട്ടങ്ങൾ ആരംഭിക്കുന്നത്.

RNUTVPM

☸☸☸☸☸☸☸☸☸☸☸

## കോട്ടയം - അപകടം

കോ ട്ടയത്തിനടുത്ത് കുറുവി ലങ്ങാട് M C റോഡിൽ ടൂറി സ്റ്റ് ബസ് മറിഞ്ഞ് ഒരാൾ മരിച്ചു. ഇരിട്ടി സ്വദേശി സന്ധ്യയാണ് മരിച്ചത്. തിരുവനന്തപുരത്ത് നിന്ന് ഇരിട്ടിയിലേക്ക് മടങ്ങുകയായിരുന്ന ബസ് പുലർച്ചെ രണ്ട് മണിയോടെയാണ് അപകടത്തിൽപെ ട്ടത്.

☸☸☸☸☸☸☸☸☸☸☸

## രാജീവ് ചന്ദ്രശേഖർ

ശബരിമല സ്വർണപാളി ക്രമക്കേടിൽ നിന്ന് ജനശ്രദ്ധ തിരിക്കാനാണ് പി എം ശ്രീ പദ്ധതിയിൽ പ്രശ്നങ്ങൾ ഉന്നയിക്കുന്നതെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ.

## അന്താരാഷ്ട്ര സോളാർ അലയൻസ്

അന്താരാഷ്ട്ര സോളാർ അലയൻസ് അസംബ്ലിയുടെ എട്ടാമത് സെഷന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ന് തുടക്കമാകും. നാല് ദിവസത്തെ പരിപാടിയിൽ 124 രാജ്യങ്ങളിലെ മന്ത്രിമാരുൾപ്പെടെ പങ്കെടുക്കും. ഈ മാസം 30 ന് പരിപാടി സമാപിക്കും.

RNU TVPM